# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: info.pol@kerala.gov.in


No.12/PR/PIC/PHQ/13 Date : 29.01.2013

## പോലീസില്‍ സേവനാവകാശനിയമം;
## ഉദ്ഘാടനം ഇന്ന് (30-01-2013)

പൊതുജനങ്ങള്‍ക്ക് സര്‍ക്കാര്‍ വകുപ്പുകളുടെ സേവനം സമയബന്ധിതമായി ലഭിക്കുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാന സര്‍ക്കാര്‍ നടപ്പാക്കുന്ന സേവനാവകാശ നിയമം പോലീസ് വകുപ്പില്‍ നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനം ജനുവരി 30ന് മുഖ്യമന്ത്രി ഉമ്മന്‍ചാണ്ടി നിര്‍വഹിക്കും. 14 സേവനങ്ങള്‍ സംബന്ധിച്ച അവകാശങ്ങളിലാണ് പൊതുജനങ്ങള്‍ക്ക് ഉറപ്പുനല്‍കുന്നത്. ഇവ സംബന്ധിച്ച് അപേക്ഷ നല്‍കി നിശ്ചിതദിവസത്തിനകം സേവനം ലഭിച്ചില്ലെങ്കില്‍ പൊതുജനങ്ങള്‍ക്ക് ബന്ധപ്പെട്ട അപ്പീല്‍ അധികാരികള്‍ക്ക് പരാതി നല്‍കാം. സേവനം നല്‍കുന്നതില്‍ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥര്‍ നിയമപ്രകാരമുള്ള പിഴ നല്‍കേണ്ടിവരും.

മൈക്ക് പ്രവര്‍ത്തിപ്പിക്കാനുള്ള അനുവാദം, ഘോഷയാത്രയ്ക്കുള്ള അനുവാദം, പാസ്പോര്‍ട്ട് അന്വേഷണം, പോലീസ് സ്റ്റേഷനുകളില്‍ ലഭിക്കുന്ന പരാതികളുടെ അന്വേഷണം, പരാതി സ്വീകരിച്ചുകൊണ്ട് രസീത് നല്‍കല്‍, പ്രഥമവിവര റിപ്പോര്‍ട്ടിന്റെ പകര്‍പ്പ്, പോസ്റ്റ്മോര്‍ട്ടം സര്‍ട്ടിഫിക്കറ്റ്, പോലീസ് ക്ലിയറന്‍സ് സര്‍ട്ടിഫിക്കറ്റ്, ആയുധങ്ങളും സ്ഫോടകവസ്തുക്കളും സംബന്ധിച്ച ലൈസന്‍സ്, ജോലി സംബന്ധമായ വെരിഫിക്കേഷന്‍, വിദേശികളുടെ രജിസ്ട്രേഷന്‍, കസ്റ്റഡിയിലെടുത്ത വാഹനങ്ങള്‍ നടപടിക്രമങ്ങള്‍ പൂര്‍ത്തിയാക്കി മടക്കിവിട്ടുകൊടുക്കുന്നത് സംബന്ധിച്ച്, സമന്‍സുകള്‍ നല്‍കുന്നതും വാറന്റുകള്‍ നടപ്പിലാക്കുന്നതും സംബന്ധിച്ച്, പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍ സംബന്ധിച്ച പരാതിയിന്മേലുള്ള അന്വേഷണം എന്നിവയാണ് ഈ സേവനങ്ങള്‍.

സേവനം, അപേക്ഷ സമര്‍പ്പിക്കേണ്ട ഓഫീസ്, സേവനം നല്‍കാന്‍ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്‍, സേവനം നല്‍കേണ്ട സമയപരിധി, ആദ്യ അപ്പീല്‍ അധികാരി, രണ്ടാമത്തെ അപ്പീല്‍ അധികാരി എന്നീ ക്രമത്തില്‍ ഇനി പറയുന്നു.

1) മൈക്ക് പ്രവര്‍ത്തിപ്പിക്കാനുള്ള അധികാരം -ജില്ലാ പോലീസ് ഓഫീസ്/സബ്ഡിവിഷണല്‍ പോലീസ് ഓഫീസ്-ഡെപ്യൂട്ടി പോലീസ് കമ്മീഷണര്‍ (അഡ്മിനിസ്ട്രേഷന്‍), ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (അഡ്മിനിസ്ട്രേഷന്‍), അസിസ്റ്റന്റ് പോലീസ് കമ്മീഷണര്‍ (അഡ്മിനിസ്ട്രേഷന്‍)/ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ബന്ധപ്പെട്ട അസിസ്റ്റന്റ്

കമ്മീഷണർ-3 ദിവസം-ജില്ലാ പോലീസ് മേധാവി-റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്.

2) ഘോഷയാത്രകളുടെ അനുവാദം-ജില്ലാ പോലീസ് ഓഫീസ്/സബ് ഡിവിഷണൽ പോലീസ് ഓഫീസുകൾ- ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (അഡ്മിനിസ്ട്രേഷൻ), അസിസ്റ്റന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ)/ഡപ്യൂട്ടി പോലീസ് സൂപ്രണ്ട്/ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർ-ജില്ലയ്ക്കകത്താണെങ്കിൽ ഏഴ് ദിവസം-ജില്ലാ പോലീസ് മേധാവി-റേഞ്ച് ഐ.ജി

3) പാസ്പോർട്ട് അന്വേഷണം -സിറ്റികളിലെയും ജില്ലകളിലെയും സ്പെഷ്യൽ ബ്രാഞ്ച് ഓഫീസുകൾ-അസിസ്റ്റന്റ് കമ്മീഷണർ/ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (സിറ്റികളിലെയും ജില്ലകളിലെയും സ്പെഷ്യൽ ബ്രാഞ്ച് ഓഫീസുകൾ), 20 ദിവസം-ജില്ലാ പോലീസ് മേധാവി-റേഞ്ച് ഐ.ജി.

4) പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളുടെ അന്വേഷണം-പോലീസ് സ്റ്റേഷനുകൾ-സ്റ്റേഷൻ ഹൗസ് ഓഫീസർ-15 ദിവസം-ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ-ബന്ധപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് കമ്മീഷണർ (വനിതാ സെല്ലുമായി ബന്ധപ്പെട്ട പരാതികൾ (യഥാക്രമം)-സർക്കിൾ ഇൻസ്പെക്ടർ വിമൺ സെൽ-ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്-അസിസ്റ്റന്റ് കമ്മീഷണർ ക്രൈം ഡിറ്റാച്ച്മെന്റ്-ജില്ലാ പോലീസ് മേധാവി).

5) പരാതി സ്വീകരിച്ചതിനുള്ള രസീത് നൽകൽ-പോലീസ് സ്റ്റേഷനുകൾ-സ്റ്റേഷൻ ഹൗസ് ഓഫീസർ, പരാതി നൽകിയ അതേദിവസം, ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ, ബന്ധപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് കമ്മീഷണർ (വനിതാ സെല്ലുമായി ബന്ധപ്പെട്ട പരാതികൾ (യഥാക്രമം)-സർക്കിൾ ഇൻസ്പെക്ടർ വിമൺ സെൽ-ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്-അസിസ്റ്റന്റ് കമ്മീഷണർ ക്രൈം ഡിറ്റാച്ച്മെന്റ്-ജില്ലാ പോലീസ് മേധാവി).

6) പ്രഥമവിവര റിപ്പോർട്ടിന്റെ പകർപ്പ്-പോലീസ് സ്റ്റേഷൻ-സ്റ്റേഷൻ ഹൗസ് ഓഫീസർ-അപേക്ഷ സമർപ്പിച്ച അതേദിവസം- ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ- ബന്ധപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്-അസിസ്റ്റന്റ് കമ്മീഷണർ.

7) പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്-പോലീസ് സ്റ്റേഷൻ-സ്റ്റേഷൻ ഹൗസ് ഓഫീസർ-ആരോഗ്യവകുപ്പിൽ നിന്നും ലഭിച്ച് മൂന്ന് ദിവസത്തിനുശേഷം-ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ-ബന്ധപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്-അസിസ്റ്റന്റ് കമ്മീഷണർ.

8) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്-ജില്ലാ പോലീസ് ഓഫീസ് (സിറ്റികൾ/ജില്ലകൾ)-ജില്ലാ പോലീസ് മേധാവി (സിറ്റികൾ/ജില്ലകൾ)-അന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ട ആൾക്ക് 15 ദിവസത്തിനുള്ളിൽ അയക്കണം-റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്-അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് സോൺ.

9) ആയുധങ്ങളുടെയും സ്ഫോടകവസ്തുക്കളുടെയും ലൈസൻസ്-ജില്ലാ പോലീസ് ഓഫീസ് (സിറ്റികൾ/ജില്ലകൾ)-ജില്ലാ പോലീസ് മേധാവി (സിറ്റികൾ/ജില്ലകൾ)-15 ദിവസം-റേഞ്ച്

ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്-അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് സോൺ.

10) ജോലി സംബന്ധമായ വെരിഫിക്കേഷൻ-ജില്ലകളിലെയും സിറ്റികളിലെയും സ്പെഷ്യൽ ബ്രാഞ്ച് ഓഫീസുകൾ-അസിസ്റ്റന്റ് പോലീസ് കമ്മീഷണർ/ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ജില്ലകളിലെയും സിറ്റികളിലെയും സ്പെഷ്യൽ ബ്രാഞ്ച്)-15 ദിവസം-ജില്ലാ പോലീസ് മേധാവി-റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്.

11) വിദേശികളുടെ രജിസ്ട്രേഷൻ-ജില്ലാ പോലീസ് ഓഫീസ്-ജില്ലാ പോലീസ് മേധാവി (സിറ്റികൾ/ജില്ലകൾ)-7 ദിവസം-റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്-അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് സോൺ.

12) കസ്റ്റഡിയിലുള്ള വാഹനങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയായശേഷം വിട്ടുകൊടുക്കുന്നത്-പോലീസ് സ്റ്റേഷൻ-സ്റ്റേഷൻ ഹൗസ് ഓഫീസർ-3 ദിവസം-ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ-ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർ/ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.

13) സമൻസുകൾ നൽകുന്നും വാറന്റുകൾ നടപ്പിലാക്കുന്നതും-പോലീസ് സ്റ്റേഷൻ-സ്റ്റേഷൻ ഹൗസ് ഓഫീസർ-കേസിന്റെ പോസ്റ്റിംഗ് തീയതിക്ക് മുമ്പ്-ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ-ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർ/ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.

14) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണം-പ്രത്യേക മൊബൈൽ സ്ക്വാഡ് യൂണിറ്റുകളും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്, സബ് ഡിവിഷണൽ പോലീസ് ഓഫീസുകൾ-ബന്ധപ്പെട്ട ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്-ബന്ധപ്പെട്ട ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്/അസിസ്റ്റന്റ് കമ്മീഷണർ/ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് എന്നിവർക്ക് റിപ്പോർട്ട് ലഭിച്ചശേഷം 10 ദിവസം-ജില്ലാ പോലീസ് മേധാവി-റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്.

ഉച്ചയ്ക്ക് ഒരു മണിയ്ക്ക് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജ് ആഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ആരോഗ്യ, ദേവസ്വം വകുപ്പ് മന്ത്രി വി.എസ്.ശിവകുമാർ അദ്ധ്യക്ഷനായിരിക്കും. 'പോലീസ് കണക്ടിവിറ്റി പേജ് - 2013'ന്റെ പ്രകാശനം ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കും. സംസ്ഥാന പോലീസ് മേധാവി കെ.എസ്.ബാലസുബ്രഹ്മണ്യൻ, നഗരസഭ മേയർ കെ.ചന്ദ്രിക, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി നായർ, ചീഫ് സെക്രട്ടറി കെ.ജോസ് സിറിയക്, ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാജൻ പീറ്റർ, വാർഡ് കൗൺസിലർ ജി.മാധവദാസ്, എ.ഡി.ജി.പി റ്റി.പി. സെൻകുമാർ എന്നിവർ പങ്കെടുക്കും.

******************